LIBRARY ARCHIVES Kerala Legislative Assembly

ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നവീകരണം

286(592) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഏതെല്ലാം റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ജില്ല തലശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ റോഡുകളിൽ ഇതുവരെയും പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ജില്ല തലശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകളിൽ പൂർത്തീകരിക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ

287(593) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തുക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന് (പതിയാങ്കര) നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ലേല ഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരിച്ചിട്ടുള്ളതും പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്ലെറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാത്തതുമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി മാറ്റുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും 2019 ഫെബ്രുവരിയിലെ നമ്പർ 5671 റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 540 മീറ്റർ, 590 മീറ്റർ വീതം നീളം വരുന്ന രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനും അനുബന്ധ ഘടകങ്ങൾക്കും നിലവിലുള്ള ഘടകങ്ങളുടെ നവീകരണത്തിനുമായി ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ ഒരു മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ഫിഷ് ലാന്റിംഗ് സെന്റർ മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.